**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 144** **05-07-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എം.വിജിൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ബൃഹത്തായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ താഴെ പറയുന്ന പദ്ധതി കൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><br>ലീഡ് - ഈ പദ്ധതി മുഖാന്തിരം കോളേജുകളെ ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുകയും അതുവഴി ഇൻഡസ്ട്രിയെ ഉന്നതവിദ്യാഭ്യാസവുമായി ബന്ധി പ്പിക്കുന്നതിനും കഴിയും.<br><br>ഗ്രീൻ ക്യാമ്പസ് - ഈ പദ്ധതിയിലൂടെ ക്യാമ്പസുകൾ ഹരിതാഭമാക്കുന്ന തിനും കാർബൺ എമിഷൻ കുറയ്ക്കുന്നതിനും കഴിയും.<br><br>PLEASE - ഈ പദ്ധതിയിലൂടെ ഗവേഷണം പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം<br><br>ജീവനി പദ്ധതി - വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്ന തിന് കൗൺസലിംഗ് നൽകുന്ന പദ്ധതി<br><br>പഠനത്തോടൊപ്പം സമ്പാദ്യവും (EWYL) - പഠനത്തോടൊപ്പം തൊഴിൽ എന്ന ആശയവുമായി ആരംഭിച്ച പദ്ധതി<br><br>സ്റ്റുഡന്റ് ഫോർ സൊസൈറ്റി - വിദ്യാർത്ഥികളെ സാമൂഹ്യപ്രശ്ന ങ്ങളിൽ ഇടപെടുന്നതിനും പ്രശ്ന പരിഹാരം കണ്ടെത്തുന്നതിനും പ്രാപ്തരാക്കുന്ന പദ്ധതി<br><br>മീഡിയ ലിറ്ററസി പ്രോഗ്രാം - മാദ്ധ്യമങ്ങളെ ശരിയായി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത |

സംബന്ധിച്ച ബോധവൽക്കരണം നൽകുന്ന പദ്ധതി

സാങ്കേതിക വിദ്യാഭ്യാസ നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനായി മുഴുവൻ എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളി ടെക്നിക് കോളേജുകൾക്കും NBA അക്രഡിറ്റേഷൻ നേടാനാവശ്യ മായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കംപ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ 46 യൂണിറ്റുകളും 40 പ്രീ ഇൻക്യുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. 50-ലേറെ യൂണിറ്റുകൾ Gestation Period പൂർത്തിയാക്കി.

സിഡ്ബിയുടെ (SIDBI) സ്വാവലംബൻ ചെയർ പദ്ധതിയുടെ രാജ്യത്തെ ആദ്യ ധനസഹായം തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിന് ലഭിച്ചു - 1.53 കോടി രൂപയാണ് ഫണ്ട്. മൂന്ന് വർഷ ത്തിനകം 25 സ്റ്റാർട്ടപ്പുകൾ സാധ്യമാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിത്. ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജും ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ ഉൽപാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ LED ബൾബുകളും ട്യൂബുകളും നിർമ്മിക്കുക, ഇലക്ട്രോണിക്സ് ലബോറട്ടറികളിലേക്ക് ആവശ്യമുള്ള പരിശീലന കിറ്റുകൾ നിർമ്മിക്കുക, എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 5 പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിച്ചു.

എഞ്ചിനീയറിംഗ് ഡിപ്ലോമ വിദ്യാർത്ഥികളെ ഇന്നവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് പാഠ്യപദ്ധതിയിൽ തന്നെ മാറ്റം വരുത്തിയിട്ടുണ്ട്. Entrepreneurship & Start-ups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തി യിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneur- ship Development Cell, Technology Induction Cell തുടങ്ങിയ പദ്ധതികളും പോളിടെക്നിക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

അറിവ് നിരന്തരം സൃഷ്ടിക്കുന്നതിനും അത് നാടിന്റെ പുരോഗതിക്ക് ഉതകുന്ന രീതിയിൽ

പ്രയോഗിക്കുന്നതിനും താഴെ പറയും പ്രകാരം പദ്ധതികൾ നടപ്പാക്കുന്നു.

യുറേക്ക ലാബ് - വിദ്യാർത്ഥികൾക്കും പ്രാദേശിക സമൂഹത്തിനും ഇടയിൽ ആശയങ്ങളുടെ ഇൻകുബേറ്ററായി പ്രവർത്തിക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതി

സ്കോളർ എക്സ്ചേഞ്ച് പ്രോഗ്രാം - വിദേശ സർവകലാശാലകളിൽ നിന്നും, ഗവേഷണ കേന്ദ്രങ്ങളിൽ നിന്നും പ്രഗത്ഭരായവരെ കേരളത്തിലെ കോളേജുകളിലേക്കും ഇവിടത്തെ അദ്ധ്യാപകർക്ക് വിദേശ സർവകലാശാലകളിലേക്കും പോകുന്നതിനും അവസരം ഒരുക്കുന്ന പദ്ധതി.

CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷം 99.95 കോടി രൂപ ചെലവഴിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്തെ ഡിജിറ്റൽ വിടവ് മറികടക്കാനും എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസ സൗകര്യം കൂടുതൽ ഫലപ്രദമാക്കാനുള്ള ഡിജികോൾ പദ്ധതിക്ക് 20 കോടി രൂപ വിനിയോഗിക്കുന്നതാണ്. സംസ്ഥാനത്തെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അധ്യയനം, പഠനം, വിലയിരു ത്തൽ, പരീക്ഷ എന്നിവ പൊതുവായ ലേണിങ് മാനേജ്.മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരുന്ന ‘ഡിജിറ്റൽ എനേബിൾമെൻറ് ഓഫ് ഹയർ എജുക്കേഷൻ’ പദ്ധതിയുടെ പ്രാരംഭമാണ് ഡിജി കോൾ. വിവിധ സർവകലാശാല കളിലെയും ലൈബ്രറികളിലെയും അക്കാദമിക് റിസോഴ്സുകളുടെ പങ്കിടൽ പ്ലാറ്റ്ഫോമായ കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്കിന് 10 കോടി രൂപ വിനിയോഗിക്കും. 11 സർവകലാശാലകളുടെയും 147 ലൈബ്രറി കളുടെയും അക്കാദമിക് ശേഖരം ഒറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാ ക്കുന്ന പദ്ധതിയാണിത്. സമീപ കോളേജുകൾ തമ്മിൽ ആൾ ശേഷിയും വിഭവശേഷിയും പശ്ചാത്തല സൗകര്യവും പരസ്പരം പങ്കിടുന്ന ക്ലസ്റ്റർ കോളേജ് പദ്ധതിയിൽ ആരംഭിക്കുന്ന മൂന്ന് പുതിയ ക്ലസ്റ്ററുകൾക്കായി 10 കോടി രൂപ നീക്കിവെച്ചു. കാസർകോഡ്, കണ്ണൂർ, പാലക്കാട് ക്ലസ്റ്ററുകൾക്കായാണിത്. ആഗോളതലത്തിൽ പ്രവർത്തിക്കുന്ന ഗവേഷകരും ശാസ്ത്രജ്ഞരും

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദഗ്ധരുമായ മലയാളികളെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോടുകൂടി സഹകരിപ്പിക്കുന്ന ബ്രെയിൻ ഗെയിൻ പദ്ധതിക്ക് അഞ്ച്കോടി രൂപ വിനിയോഗിക്കും. ഹ്രസ്വകാല അധ്യാപനം, പാർട്ട് ടൈം സഹകരണം, ഗവേഷണങ്ങളിൽ മേൽനോട്ടം എന്നിവയിലാണ് ഈ പദ്ധതിയിൽ വിദേശത്തുള്ള പ്രതിഭകളുടെ പങ്കാളിത്തം തേടുന്നത്. നോബൽ ജേതാക്കളുമായുള്ള ജ്ഞാന വിനിമയം പദ്ധതിക്ക് അഞ്ച്കോടി രൂപ ചെലവഴിക്കും.<br><br>കേരളത്തിലെ സർവ്വകലാശാല കാമ്പസ്സുകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെൻററുകൾ വികസിപ്പിക്കുന്നതിനും ഈ സെൻററുകളോട് ചേർന്ന് സ്റ്റാർട്ട് അപ്പ് ഇൻകുബേഷൻ സെൻററുകൾ സജ്ജമാക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിജ്ഞാന സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുവാനും അതു വഴി സംസ്ഥാനത്തിന്റെ മൂല്യ വർദ്ധിത ഉല്പാദനവും ആഭ്യന്തര വരുമാനവും വർദ്ധിപ്പിക്കുവാനും കഴിയുന്നതാണ്. സർവ്വകലാശാല കാമ്പസ്സുകളിൽ പുതിയ ഹ്രസ്വകാല കോഴ്സുകളും, പി.ജി കോഴ്സുകളും പ്രോജക്ട് മോഡിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>'ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്' 150 പേർക്കാണ് ഇത്തവണ നൽകുന്നത്. ഇവരുടെ ഗവേഷണങ്ങൾ നവകേരള സൃഷ്ടിക്ക് സഹായകരമാകുന്നതിനൊപ്പം സർവ്വകലാശാലകളിലും കോളേജുകളിലും അക്കാദമിക് ഗവേഷണ അന്തരീക്ഷത്തെ മെച്ചപ്പെടുത്തുന്ന തിനായും ഉപയോഗിക്കും. സർവ്വകലാശാല ഭരണ, പരീക്ഷാ നടത്തിപ്പ്, അക്കാദമിക് പ്രവർത്തനങ്ങൾ തുടങ്ങിയവ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള കമ്മീഷനുകൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | അറിവ് നിരന്തരം സൃഷ്ടിക്കുന്നതിനും അത് നാടിന്റെ സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക പുരോഗതിക്ക് പ്രയോജനപ്പെടുത്തുന്നതിനും ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ' എ ' യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ